KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram -695035
www.keralaaids.com

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: sacs_kerala@nacoindia.org

**KSACS/IEC/3984/2008** **04.02.2009**

# എച്ച്ഐവിക്കും എയ്ഡ്സിനുമെതിരേ ലൈഫ് ബസ് പ്രയാണമാരംഭിച്ചു

**പാലക്കാട്: എയ്ഡ്സിനും എച്ച്ഐവിക്കുമെതിരേ പ്രചാരണവുമായി ലൈഫ് ബസ് പാലക്കാടൻ ഗ്രാമങ്ങളിൽ പ്രയാണമാരംഭിച്ചു. ലൈഫ് ബസ് പ്രചാരണയാത്രയുടെ ഉദ്ഘാടനം ആലത്തൂർ ദേശീയ മൈതാനിയിൽ എം. ചന്ദ്രൻ എംഎൽഎ നിർവഹിച്ചു.**

**എയ്ഡ്സ് ബാധിതരെ സമൂഹത്തിൽ നിന്ന് അകറ്റിനിർത്താതെ അവരെ സംരക്ഷിക്കാൻ സമൂഹം തയാറാകണമെന്ന് അദ്ദേഹം പറഞ്ഞു. ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. നാരായണൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ആരോഗ്യകേരളം റീജണൽ പ്രോഗ്രാം മാനേജർ പി.കെ. കുട്ടമണി മുഖ്യാതിഥിയായിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. സി.ആർ. കരുണാകരൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. രാജൻ, രാജീവ് യൂത്ത് ഫൗണ്ടേഷൻ സുരക്ഷാ പ്രോജക്ട് ഡയറക്ടർ റസീദ് തരമ്പൻ തുടങ്ങിയവർ പ്രസംഗിച്ചു.**

**നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ ഒമ്പതു കലാകാരന്മാരടങ്ങുന്ന സംഘം നാടൻപാട്ടുകൾ ആലപിച്ചു. തുടർന്ന് എച്ച്ഐവി അണുബാധിതയായ ലക്ഷ്മി തന്റെ അനുഭവങ്ങൾ പൊതുജനങ്ങളുമായി പങ്കുവച്ചു. തിരുവനന്തപുരം സ്വദേശിയായ അജിത്തും സംഘവും മാജിക് പരിപാടിയുമായി ലൈഫ് ബസിനൊപ്പമുണ്ട്. എയ്ഡ്സ് ബോധവത്കരണ സന്ദേശമുൾക്കൊള്ളുന്ന വീഡിയോ പ്രദർശനം, കട്ടൗട്ടുകൾ, ഐ.ഇ.സി കാർഡുകളുടെ വിതരണം, കോണ്ടം പ്രദർശനം തുടങ്ങിയവയും വാഹനത്തിൽ ഒരുക്കിയിട്ടുണ്ട്. അത്തിപ്പാറ ജംഗ്ഷൻ, കണ്ണമ്പ്ര ജംഗ്ഷൻ എന്നിവിടങ്ങളിലും തുടർന്ന് പ്രദർശനം നടന്നു.**

**ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 48 ഗ്രാമങ്ങളിൽ ഈ മാസം 19 വരെ ലൈഫ് ബസ് പ്രചാരണം നടത്തും.**

**എച്ച്ഐവി അണുബാധിതരോടും എയ്ഡ്സ് ബാധിതരോടുമുള്ള സാമൂഹ്യനിന്ദയും വിവേചനവും ഇല്ലാതാക്കുക, അണുബാധ ഒഴിവാക്കുന്നതിനുള്ള മാർഗങ്ങളേക്കുറിച്ച് വ്യക്തമായ ധാരണ സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ലൈഫ് ബസ് യാത്ര ആസൂത്രണം ചെയ്തിരിക്കുന്നത്.**

**കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടിയിൽ ആരോഗ്യവകുപ്പ്, ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ്, നെഹ്റു യുവകേന്ദ്ര, പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, മറ്റു സർക്കാർ വകുപ്പുകൾ തുടങ്ങിയവരുടെ സജീവപങ്കാളിത്തമുണ്ട്.**

**ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.**

**സ്നേഹാദരങ്ങളോടെ**

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**